

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയിനിംഗ് - കേരള (സീമാറ്റ്)

ഓഡിറ്റ് റിപ്പോർട്ട് 2020-21

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail : lfadtvm@yahoo.in, dotvm.ksad@kerala.gov.in

നം.കെ.എസ്.എ.റ്റി.വി.എം.മിസ് 1/1552/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം-695001.

Phone No : 0471-2331231

E-mail lfadtvm@yahoo.in

തീയതി :02/12/2022

ജോയിന്റ് ഡയറക്ടർ.

ഡയറക്ടർ,

സീമാറ്റ് കേരള

സർ,

വിഷയം : സീമാറ്റ് കേരളയുടെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്.

*****

സീമാറ്റ് കേരളയുടെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അറിവിനും മേൽ നടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷൻ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. കാര്യാലയ പ്രതി

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/1552/2022 തീയതി:02/12/2022

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയിനിംഗ് - കേരള (സീമാറ്റ്) 2020-21 വർഷത്തെ വാർഷിക കണക്കിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*****

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീമതി ഷീല ഉബാൾഡ് ജോയിന്റ് ഡയറക്ടർ
ഓഡിറ്റ് നടത്തിയ തീയതി	10.08.2022 മുതൽ 19.08.2022 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം	ശ്രീമതി ലതാകുമാരി.എം ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
	ശ്രീമതി ആശ.ജി.ആർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീമതി രേഖ.സി.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ അൻവർരാജ്.എം സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീമതി അമലാദേവ്, ഓഡിറ്റർ

നിർവ്വഹണാധികാരികൾ

ഡയറക്ടർ	ഡോ. എം.എ.ലാൽ. (01.04.2020 മുതൽ 31.03.2021 വരെ)

ഭാഗം –1

പൊതു അവലോകനം

1-1 ഓഡിറ്റിന്റെ വ്യാപ്തി

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയ്നിംഗ്-കേരള (സീമാറ്റ്-കേരള)യുടെ 2020-2021 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയും സമർപ്പിച്ച മറുപടികളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. സ്ഥാപനം സമർപ്പിച്ച തെറ്റായ വിവരങ്ങളുടെ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരുവിധ ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

1-2 ആമുഖം

തിരുവിതാംകൂർ-കൊച്ചി ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 പ്രകാരം സ്വതന്ത്രപദവിയുള്ള സ്ഥാപനമായി [ജി.ഒ.(എം.എസ്) 17/2005/ജി.എഡ്യു. തീയതി.28.05.2005] സീമാറ്റ്-കേരള 21.07.2005-ൽ പ്രവർത്തനമാരംഭിച്ചു. ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പിന്റെ സ.ഉ (സാധാ) നമ്പർ 10000/15/ധന തീയതി 18.11.2015 ഉത്തരവ് പ്രകാരം സീമാറ്റിന്റെ ഓഡിറ്റ് നടത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1-3 പൊതു അവലോകനം

(1) സ്ഥാപനത്തിന്റെ ഘടന

സ്ഥാപനത്തിന്റെ ഭരണചുമതലയും, നിയന്ത്രണവും എക്സിക്യൂട്ടീവ് കമ്മിറ്റി, ജനറൽ കൗൺസിൽ എന്നിവയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ജനറൽ കൗൺസിലിൽ ചെയർമാൻ, വൈസ് ചെയർമാൻ എന്നിവർ ഉൾപ്പെടെ 23 അംഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ 10 അംഗങ്ങളുമാണ് ഉള്ളത്. വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം ജനറൽ കൗൺസിൽ യോഗങ്ങളും (റൂൾ 13) മൂന്ന് മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (റൂൾ 31) കൂടേണ്ടതാണെന്ന് നിയമാവലിയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

2) സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും –അവലോകനം

വിദ്യഭ്യാസ ആസൂത്രണത്തിലും നിർവ്വഹണത്തിലും മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ സീമാറ്റിന്റെ Memorandum of Association [G.O(MS) No.17/2005/ G.Edn Dtd 28.05.2005] ഖണ്ഡിക 4-ൽ പ്രതിപാദിക്കുന്ന ലക്ഷ്യങ്ങൾ പ്രകാരം വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥർ, അക്കാദമിക - ഭരണതല ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകേണ്ടതുണ്ട്. ജനപ്രതിനിധികളുൾപ്പെടെയുള്ള ഉന്നത വ്യക്തികൾക്ക് വിദ്യാഭ്യാസ ആസൂത്രണം, നയരൂപീകരണം, ഭരണ നിർവ്വഹണം എന്നിവയിൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കേണ്ടതുമുണ്ട്. ലക്ഷ്യസാക്ഷാത്കരണത്തിനായി പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പ്രബന്ധങ്ങൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും ലക്ഷ്യത്തിലുൾപ്പെട്ടതാണ്.

സ്ഥാപനത്തിന്റെ 2020-21 വർഷത്തെ വാർഷിക പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

i) വിദ്യാഭ്യാസ ആസൂത്രണ മാനേജ്മെന്റിൽ ഗവേഷണങ്ങൾ നടത്തുകയും അവ ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ii) വിദ്യാഭ്യാസ മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉപദേശങ്ങൾ നൽകുക.

iii) നൂതനമായ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

iv) വിദ്യഭ്യാസ മേഖലയിലെ ആസൂത്രണവും നയരൂപീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തികൾക്ക് അക്കാദമികവും തൊഴിലധിഷ്ഠിതവുമായ നിർദേശങ്ങൾ നൽകുക.

ഓഡിറ്റ് വർഷം സ്ഥാപനം ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ

വീടുകൾ വിദ്യാലയങ്ങളാക്കി നടന്നുവരുന്ന പഠന ബോധന സമ്പ്രദായം കൂടുതൽ ഫലപ്രദമാക്കുന്നതിനും കൃത്യമായ വിലയിരുത്തലുകളിലൂടെ കുട്ടികൾക്ക് വേണ്ട പ്രോത്സാഹനം നൽകുന്നതിനും വെർച്വൽ സംവിധാനത്തിന്റെ പരിമിതികളെ മറികടന്ന് മുന്നോട്ട് പോകുന്നതിനും വിദ്യാഭ്യാസ ഓഫീസർമാരെയും പ്രഥമാധ്യാപകരെയും അനധ്യാപക ജീവനക്കാരെയും

വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനത്തിലൂടെ സജ്ജരാക്കുക എന്നതായിരുന്നു സീമാറ്റ് കേരള 2020-21അക്കാദമിക് വർഷം ഏറ്റെടുത്ത ദൗത്യം. കോവിഡ് 19മായി ബന്ധപ്പെട്ട് നിരവധി നിയന്ത്രണങ്ങൾ ഉണ്ടായതിനാൽ ഓൺലൈൻ പരിശീലനത്തിന്റെ സാധ്യതകൾ ഉൾക്കൊണ്ട് ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ (LEP) സംസ്ഥാനത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർ എന്നിവർക്കും ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ(CEP)ഹൈസ്കൂൾ പ്രഥമാധ്യാപകർ, എൽ പി/യു പി സ്കൂൾ പ്രഥമാധ്യാപകർ, വി എച്ച് എസ് സി കരിയർ മാസ്റ്റർമാർ തുടങ്ങിയ വിഭാഗങ്ങൾക്കായി സംഘടിപ്പിച്ചു. 2020-21 ൽ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന 3091പേർക്കാണ് സീമാറ്റ് കേരളയുടെ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ മാനേജ്മെന്റ് പരിശീലനം ലഭിച്ചത്.

2020-21 ൽ സംഘടിപ്പിച്ച ഓൺലൈൻ പരിശീലനങ്ങൾ

1.ആർ പി മാർക്ക് ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം

2. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ദ്വിദിന ഫൌണ്ടേഷൻ ലെവൽ ഓൺലൈൻ എൽ ഇ പി

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ദ്വിദിന ഫൌണ്ടേഷൻ ലെവൽ ഓൺലൈൻ എൽ ഇ പി

4. ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൌണ്ടേഷൻ ലെവൽ ഓൺലൈൻ എൽ ഇ പി

5. എൽ പി യു പി പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൌണ്ടേഷൻ ലെവൽ ഓൺലൈൻ സി ഇ പി

6. ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൌണ്ടേഷൻ ലെവൽ ഓൺലൈൻ സി ഇ പി

7. വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം കരിയർ മാസ്റ്റർമാർക്കുള്ള ദ്വിദിന ഫൌണ്ടേഷൻ ലെവൽ ഓൺലൈൻ സി ഇ പി

8. പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങൾക്കുള്ള ഏകദിന ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം

ആധുനിക വിദ്യാഭ്യാസ മാനേജ്മെന്റിലും ആസൂത്രണത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന നൂതന മാറ്റങ്ങളെ പ്രചരിപ്പിക്കുന്നതിനായി ഒരു അക്കാദമിക് ജേർണൽ പ്രസിദ്ധീകരിക്കുന്നതിനായി സീമാറ്റ് കേരള Edulead SIEMAT kerala a journal of Educational Planning and management എന്ന ടൈറ്റിലിൽ പ്രസിദ്ധീകരിക്കുന്ന ജേർണലിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

1-4 ബജറ്റ്

സീമാറ്റ് മെമ്മോറാൻഡം ഓഫ് അസോസിയേഷനിലെ ഖ.5(m) പ്രകാരം ബജറ്റ് തയ്യാറാക്കിയ ശേഷം ചെലവ് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സീമാറ്റ് ബൈലായിലെ റൂൾ (എച്ച്) പ്രകാരം സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഡയറക്ടർ സ്ഥാപനത്തിന്റ വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. 6.01.2021 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 26-ാം മീറ്റിംഗിലെ അജണ്ട 3 ആയിട്ടാണ് 2020-21 ലെ ബജറ്റ് അംഗീകരിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുൻപായി ബജറ്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ച് സാമ്പത്തിക വർഷാരംഭം മുതൽ ബജറ്റ് പ്രൊവിഷൻ അനുസരിച്ച് ചെലവ് നടത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 3 നുള്ള മറുപടിയിൽ എല്ലാ വർഷവും സെപ്റ്റംബർ ഒക്ടോബർ മാസത്തോടെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള സ്ഥാപനത്തിന്റെ അനുവൽ പ്ളാൻ പ്രോപ്പോസൽ തയ്യാറാക്കി ആസൂത്രണ ബോർഡിനും സർക്കാരിനും സമർപ്പിക്കാറുണ്ടെന്നും സംസ്ഥാന ബജറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ ഇന്റേണൽ ബജറ്റ് തയ്യാറാക്കി ആദ്യം ചേരുന്ന എക്സിക്യൂട്ടീവ് കമ്മറ്റിയിൽ വച്ച് അംഗീകാരം വാങ്ങുമെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് പ്രതിസന്ധി മൂലം 6/01/2021 -ൽ ആണ് എക്സിക്യൂട്ടീവ് യോഗം ആദ്യമായി യോഗം ചേർന്നതെന്നും പ്രസ്തുത യോഗത്തിൽ തന്നെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു .

1-5 മുൻ വർഷങ്ങളിൽ ലഭ്യമായ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

ലഭ്യമാക്കിയ അക്കൌണ്ട്സ് പ്രകാരം Grand in aid to MiS 174223/- രൂപയും Grant VHSE ഇനത്തിൽ 26017/-രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ നീക്കിയിരിപ്പായിട്ടുണ്ട്. ആയത് 2019-20 ലും നീക്കിയിരിപ്പായുള്ള തുകയാണ്. കൂടാതെ Grant to HSS ഇനത്തിൽ 2020-21 സാമ്പത്തിക വർഷം 1371925/-രൂപയും നീക്കിയിരിപ്പാണ്.(2019-20 ൽ

നീക്കിയിരിപ്പായ 1407632/- രൂപയിൽ 35707/-രൂപ മാത്രമാണ് ചെലവഴിച്ചത്.) പ്രസ്തുത ഗ്രാന്റുകൾ ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7 നുള്ള മറുപടി ലഭ്യമായില്ല.ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള പ്രസ്തുത ഗ്രാന്റുകൾ ചെലവഴിക്കുന്നതിനുള്ള പ്രോഗ്രാമുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

1-6 സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ യഥാസമയം പുതുക്കിയിട്ടില്ല

1955ലെ 12-ാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമിക സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് പ്രകാരം 2005 ൽ രജിസ്റ്റർ (T 1319) ചെയ്തിട്ടുള്ള സ്ഥാപനമാണ് സീമാറ്റ്-കേരള. 2019-20 വർഷം വരെയുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്. അതത് സാമ്പത്തിക വർഷം അവസാനിച്ചശേഷം അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്, ഭരണസമിതി അംഗങ്ങളെ സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് എന്നിവ സഹിതം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച മിനിട്സോടുകൂടി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീയതി മുതൽ 14 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ പുതുക്കേണ്ടതാണെന്നിരിക്കെ, 2020-21, 2021-22 വർഷങ്ങളിലെ രജിസ്ട്രേഷൻ നാളിതുവരെ പുതുക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) ലഭ്യമാക്കിയ മറുപടി പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൌൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും കാലാവധി പൂർത്തിയായതിനാൽ അവ പുനസംഘടിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത് 07.07.2022 ലാണെന്നും, തുടർന്ന് 2021-22 ലും 2022-23 ലും ഇതുവരെയും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്നിട്ടില്ലായെന്നും ആയതിനാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ യഥാസമയം പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-7 യോഗങ്ങൾ സമയബന്ധിതമായി ചേരുന്നില്ല.

സീമാറ്റ് നിയമാവലിയിലെ റൂൾ 13 പ്രകാരം ജനറൽ കൌൺസിൽ വർഷത്തിൽ രണ്ട് പ്രാവശ്യവും റൂൾ 31 പ്രകാരം എക്സിക്യൂട്ടീവ് കമ്മറ്റി യോഗം വർഷത്തിൽ മൂന്ന് പ്രാവശ്യവും കൂടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം ജനറൽ കൌൺസിൽ ഒരു പ്രാവശ്യവും (5.2.21) എക്സിക്യൂട്ടീവ് കമ്മറ്റി രണ്ട് പ്രാവശ്യവും (5.02.21, 6.01.21) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. 5.02.21 ലെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിന്റെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമായില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6നുള്ള മറുപടിയിൽ കോവിഡ് മൂലമാണ് യോഗങ്ങൾ ചേരാൻ കഴിയാത്തത് എന്ന് അറിയിച്ചിരിക്കുന്നു

1-8 ഗ്രാന്റ് വിനിയോഗം പ്രോഗാമുകൾക്ക് ചെലവഴിക്കുന്ന തുകയിൽ കുറവ്

2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റിനത്തിൽ 1,2000000/- രൂപയും 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റിനത്തിൽ 1890525/- രൂപയും ഉൾപ്പെടെ ആകെ 13890525/- രൂപ 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിൽ 10612479/- രൂപ ചെലവഴിക്കുകയും 1829161/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 1448885/- രൂപ നീക്കിയിരിപ്പുമുണ്ട്. പ്രസ്തുത ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 270667/- രൂപ മാത്രമാണ് പ്രോഗ്രാമുകൾക്കായി ചെലവഴിച്ചത്. പ്രോഗ്രാം നടത്തുന്നതിനായി 21534475/-രൂപ വകയിരുത്തെയങ്കിലും നാമമാത്രമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു.

NIEPA ഗ്രാന്റിനത്തിൽ മുന്നിരിപ്പായി 300000/- രൂപയും തൻവർഷ ഗ്രാന്റായി 500000/- രൂപയും ലഭിച്ചിട്ടുണ്ട്. എന്നാൽ 240007/-രൂപ മാത്രമാണ് 2020-21 ൽ ചെലവഴിച്ചത്. 559993/- രൂപ പ്രസ്തുത ഫണ്ടിൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത ഫണ്ട് മുഴുവനായും ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം.9 നുള്ള മറുപടിയിൽ കോവിഡ് പ്രതിസന്ധി കാരണം ഓൺലൈൻ സമ്പ്രദായത്തിൽ 18 പ്രോഗ്രാമുകളാണ് 2020-21 ൽ സംഘടിപ്പിക്കാൻ കഴിഞ്ഞതെന്നും റ്റി.എ/ഡി.എ, താമസ സൗകര്യം, ഭക്ഷണം, ഹാൾ വാടക, ബാനറുകൾ, വാഹന സൗകര്യം, സ്റ്റേഷനറി തുടങ്ങിയ ഇനങ്ങളിൽ ചെലവ് വരാത്ത ഓൺലൈൻ പരിശീലനങ്ങളുടെ സംഘാടനത്തിന് തുച്ഛമായ തുകയെ ചെലവഴിക്കേണ്ടി വന്നിരുന്നുള്ളുവെന്നും ആയതിനാലാണ് 2020-21 ൽ പ്രോഗ്രാം നടത്തിപ്പിന് ലക്ഷ്യമിട്ടിരുന്ന പ്രകാരം തുക ചെലവഴിക്കാൻ കഴിയാതെ വന്നതെന്നും അറിയിച്ചിട്ടുണ്ട്.

കോവിഡുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ NIEPA ധനസഹായത്തോടെ നടപ്പിലാക്കുന്ന സ്കൂൾ ലീഡർഷിപ് അക്കാദമിയുടെ പ്രവർത്തനങ്ങളെയും 2020-21 ൽ സാരമായി ബാധിച്ചിരുന്നു. NIEPA പ്രസ്തുത വർഷത്തേയ്ക്ക് ലഭ്യമാക്കിയ

ഫണ്ടിൽ നിന്ന് 5,40,000/- രൂപ ചെലവഴിക്കേണ്ടിയിരുന്നത് അക്കാദമിയിൽ നിയോഗിക്കുന്ന കൺസൾട്ടന്റിന്റെ മാസശമ്പളം ഇനത്തിലാണ് (പ്രതിമാസം 45,000/- രൂപ). എന്നാൽ കോവിഡ് പ്രതിസന്ധി മൂലം അക്കാദമിയിലേയ്ക്ക് രണ്ട് ജൂനിയർ കൺസൾട്ടന്റുമാരെ റിക്രൂട്ട് ചെയ്യാൻ കഴിഞ്ഞത് 2021 ജനുവരിയിൽ മാത്രമാണ്. ആയതിനാൽ കൺസൾട്ടന്റുമാരുടെ ശമ്പള ഇനത്തിൽ 1,30,646/- രൂപ മാത്രമാണ് 2020-21 ൽ ചെലവഴിക്കാൻ കഴിഞ്ഞത്. മേൽ കാരണങ്ങളാലാണ് സ്കൂൾ ലീഡർഷിപ് അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് NIEPA ലഭ്യമാക്കിയ ഫണ്ട് പൂർണമായും ചെലവഴിക്കാൻ കഴിയാത്തത്.

1-9 സ്പെഷൽ റൂൾസ്- രൂപീകരണം

ഡയറക്ടറുടെ ഉത്തരവു നം സീമാറ്റ് /എ.ഡി.എ1/63/18 തീയതി 12-3-21 പ്രകാരം ശ്രീ.ജ്യോതിചൂഡന്,(റിട്ട.സ്പെഷൽ ലോ സെക്രട്ടറി) Draft organisational Chart, staff-Pattern, Scheme of regularisation, service Rules എന്നിവ തയ്യാറാക്കുന്നതിന്, 1-5 ലക്ഷം രൂപ പ്രതിഫലമായി നല്കിയിട്ടുണ്ട്. സീമാറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ 5/2/21 ലെ തീരുമാനംപ്രകാരം ശ്രീ.ജ്യോതിചൂഡൻ സമർപ്പിച്ച റിപ്പോർട്ടുകൾ അംഗീകരിക്കുകയും, സർക്കാരിന്റെ അംഗീകാരത്തിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ സ്കീം ഫോർ റെഗുലറൈസേഷൻ പരിഗണിക്കാൻ സാധിക്കാത്തതിനാൽ , സ്പെഷൽ റൂൾസിന്റെ കരട് മാത്രം സമർപ്പിക്കാൻ സർക്കാർ അറിയിച്ചതിനെ തുടർന്ന്, സ്ഥാപനത്തിന്റെ സ്പെഷൽ റൂൾസ് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായും, ആയത് പുരോഗമിച്ചു വരുന്നതായും ഓഡിറ്റ് എൻകയറി നം.2 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ധനസഹായം

ക്രമ നമ്പർ	ഉത്തരവ് നമ്പർ	തുക	തുക ലഭിച്ച തീയതി(A/C)
1	സ.ഉ(സാധാ)നം1567/2020/ പൊ.വി.വ തീയതി 12.05.2020 (2019-20)	1890525	09.06.2020 (Treasury savings bank account)
2	സ.ഉ(സാധാ)നം1677/2020/ പൊ.വി.വ തീയതി 21.05.2020 (2020-21)	5000000	01.06.2020 (Treasury savings bank account)
3	സ.ഉ(സാധാ)നം2878/2020/ പൊ.വി.വ തീയതി 30.10.2020 (2020-21)	2000000	17.12.2020 (Treasury savings bank account)
4	സ.ഉ(സാധാ)നം3222/2020/ പൊ.വി.വ തീയതി 03.12.2020 (2020-21)	5000000	07.12.2020 (Treasury savings bank account)
	ആകെ	13890525	

മറ്റു ധനസഹായം

ക്രമ നമ്പർ	ഗ്രാന്റ് നൽകിയ സ്ഥാപനം	തുക	തുക ലഭിച്ച തീയതി(A/C)
1	NIEPA	500000	27.04.2020 (SBI)

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

മുന്നിരിപ്പ്	995703
വരവ്	14482495
ആകെ	15478198
ചെലവ്	11674229
നീക്കിയിരിപ്പ്	3803969

നീക്കിയിരിപ്പിന്റെ വിശദാംശം

ക്യാഷ് ഇൻ ഹാന്റ്	175
1.എസ്.ബി.ഐ	2790249
അൺക്യാഷ്ഡ് ചെക്ക്	61356
പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്	2851605
2.ടി.എസ്.ബി	1013545

4-2 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ആകെ വരവ്	14482495
ആകെ ചെലവ്	11674229
നിരാകരിച്ച തുക	ഇല്ല
തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി)സീമാറ്റ് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

4-3 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2005-06, 2006-07, 2007-08	കെ.എസ്.എ.റ്റി.വി.എം. മിസ് 1/1390/2017 തീയതി 05.10.2017	5	-
2008-2009 മുതൽ 2010-2011 വരെ	കെ.എസ്.എ.റ്റി.വി.എം. മിസ് 1/134/2018 തീയതി 31.01.2018	13	
2011-2012 മുതൽ 2015-16 വരെ	കെ.എസ്.എ.റ്റി.വി.എം. മിസ് 1/1014/2018 തീയതി 08.05.2018	16	
2016-2017 മുതൽ 2017-18 വരെ	കെ.എസ്.എ.റ്റി.വി.എം. മിസ് 1/1004/2019 തീയതി 08.10.2020	5	
2018-19	കെ.എസ്.എ.റ്റി.വി.എം. മിസ് 1/1214/2020 തീയതി 01.02.2021	17	
2019-20	കെ.എസ്.എ.റ്റി.വി.എം.മിസ്. 1/503/2021 തീയതി 03.05.2021	7	

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 1

വരവ് - ചെലവ് പത്രിക 2020-21 വരവ് - ചെലവ് പത്രിക 2019-20

വരവ്		തുക	ചെലവ്		തുക
മുന്നിരിപ്പ്		9,95,703	പ്രോഗ്രാമുകൾ		546381
കൈയിരിപ്പ് പണം	30		ശമ്പളവും അലവൻസുകളും		7602996
SBI	2622116		സംസ്ഥാന ഗ്രാന്റ് റീഫണ്ട്		1829161
ട്രഷറി അക്കൌണ്ട് നമ്പർ 641	(1626443)		ചെലവുകൾ		525347
സംസ്ഥാന ഗ്രാന്റ്		12,00,0000	കൺസൾട്ടേഷൻ / മീറ്റിംഗ് / സിറ്റിംഗ് ഫീ		423573
സംസ്ഥാന ഗ്രാന്റ്(19-20)		1890525	ഫ്യൂൽ ചാർജ്, വാഹനം മെയിന്റനൻസ്		421398
NEUEA ഗ്രാന്റ്		500000	Prof ചാർജ്		150000
പലിശ		81071	ഓഫീസ് ചെലവുകൾ		126271
ഹാൾ വാടക		10000	Periodicals Journels, Newspaper		23790
പുസ്തക വില്പന		825	ഡോക്യുമെന്റേഷൻ		14800
വിവരാവകാശം		74	പലവക		10459
			വിവരാവകാശം Refund		50
			Bank ചാർജ്		2
			നീക്കിയിരിപ്പ്		
			കൈയിരിപ്പ് പണം	175	
			SBI	2790249	
			ട്രഷറി അക്കൌണ്ട് നമ്പർ 641	1013545	3803969
ആകെ		15478198			*15478198

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 2

ഓഡിറ്റ് സാക്ഷ്യപത്രം

സീമാറ്റ് കേരളയുടെ 2020-21 വർഷത്തെ വരവ്, ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഇത് സംബന്ധിച്ച നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി